"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ നടപടികൾക്കായി ആവശ്യമായ തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2076/2023/LSGD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 3.10.2023 ലെ PD/47185/2023/DPLA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ MCF/RRFകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്ന നടപടി, മതിയായ ഫണ്ടിന്റെ അഭാവത്തിൽ തടസപ്പെടുന്നതായും, തീപിടുത്തം ഉൾപ്പെടെയുള്ള ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ അടിയന്തിര സാഹചര്യം പരിഗണിച്ച് മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വികസന ഫണ്ട്, ടൈഡ് ഫണ്ട് പോലുള്ളവ ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, മേൽ പറഞ്ഞ തരം ഫണ്ടുകൾ ലഭ്യമാകുന്ന കാലയളവ് വരെ, തനതു ഫണ്ടിൽ നിന്നും ഇതിനായി തുക ചെലവിടുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ/അർബൻ), തിരുവനന്തപുരം.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും.
അസിസ്റ്റന്റ് ഡയറക്ടർ, ശുചിത്വ മിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ.ഉ.(സാധാ) നം.2076/2023/LSGD

തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ullas Krishnan S
Date: 21-10-2023 20:02:33

സെക്ഷൻ ഓഫീസർ